# പതിമൂന്നാം കേരള നിയമസഭ

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2861** **20/12/2012 ൽ മറുപടിക്ക്**

## ടാബ്‌ലെറ്റ് കമ്പ്യൂട്ടർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. എം.എ.വാഹീദ്: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ടാബ്‌ലെറ്റ് കമ്പ്യൂട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) പഠന-ബോധന പ്രവർത്തനങ്ങൾ കൂടുതൽ ലളിതവും ഫലപ്രദവും ആക്കുന്നതിന് ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുകയും പരമ്പരാഗത രീതിയിലുള്ള ഭാരമേറിയ പാഠപുസ്തകങ്ങൾക്കു പകരം ഇലക്ട്രോണിക് രീതിയിലുള്ള പാഠപുസ്തകങ്ങളും പാഠ്യഭാഗങ്ങളും കുട്ടിയുടെ വിരൽ തുമ്പിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ടാബ്‌ലെറ്റ് കമ്പ്യൂട്ടർ പദ്ധതിയുടെ ലക്ഷ്യം. |
| ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| സി) പ്രസ്തുത പദ്ധതി എതെല്ലാം വിദ്യാഭ്യാസ തലത്തിലാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | സി) നിലവിൽ ഹൈസ്ക്കൂൾ തലത്തിൽ നടപ്പാക്കുന്നതിനാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ആദ്യ വർഷം എട്ടാം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ടാബ്‌ലെറ്റ് കമ്പ്യൂട്ടർ നൽകുകയും പ്രസ്തുത വിദ്യാർത്ഥികൾ ഒമ്പത്, പത്ത് ക്ലാസുകളിലേക്കുകൂടി ഇവ ഉപയോഗിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി ആരംഭിക്കുന്ന വർഷത്തിലും തുടർന്നുള്ള രണ്ട് വർഷങ്ങളിലും എട്ടാം ക്ലാസിൽ പുതുതായി വരുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റ് കമ്പ്യൂട്ടർ നൽകിയാൽ മൂന്ന് വർഷം കൊണ്ട് എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ